
കുറിപ്പുകൾ

# സ്വവർഗരതി കുറ്റകൃത്യമല്ലാതാവുമ്പോൾ സംഭവിക്കുന്നത്

സ്റ്റാഫ് ലേഖകൻ

**സ്വവർഗരതിക്കെതിരെ ശാസ്ത്രീയ തെളിവുകൾ ചോദിക്കുന്ന കോടതി സ്വവർഗരതിക്കനുകൂലമായി ശാസ്ത്രീയവും മൂല്യാധിഷ്ഠിതവുമായ തെളിവുകളുണ്ടോ എന്ന് വിശദീകരിക്കേണ്ടതുണ്ട്. ശാസ്ത്രീയമായ വിശകലനങ്ങൾ സ്വവർഗരതി മാനസികവും ശാരീരികവും സാമൂഹികവുമായ അപകടങ്ങളിലേക്ക് നയിക്കും എന്നാണ് സൂചിപ്പിക്കുന്നത്.**




**ചെലവു കുറഞ്ഞ** രീതിയിൽ, വേഗത്തിൽ വിവാഹമോചനം സാധ്യമാക്കിത്തരാമെന്ന് വാഗ്ദാനം ചെയ്യുന്ന പരസ്യബോർഡുകൾ അമേരിക്കയിൽ പലയിടത്തും കാണാമെന്ന് അവിടം സന്ദർശിച്ച ചില നിരീക്ഷകർ എഴുതിയിട്ടുണ്ട്.

****

"പ്രായപൂർത്തിയായവരുടെ സ്വവർഗരതി ക്രിമിനൽ കുറ്റമല്ല. സ്വവർഗ ലൈംഗികതയെ ക്രിമിനൽ കുറ്റമായി കാണുന്ന ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 377-ാം വകുപ്പ് ഭേദഗതി ചെയ്യണം. എല്ലാ പൗരന്മാരും അനുഭവിക്കുന്ന തുല്യാവകാശം സ്വവർഗരതിക്കാർക്കും ഭരണഘടന ഉറപ്പുനൽകുന്നു. 377-ാം വകുപ്പ് ഭേദഗതി ചെയ്യുന്നില്ലെങ്കിൽ എല്ലാ പൗരന്മാർക്കും നിയമത്തിന് മുന്നിൽ തുല്യതയും ജീവിക്കാനുള്ള തുല്യാവകാശവും ഉറപ്പുനൽകുന്ന ഭരണഘടനയുടെ 21-ാം വകുപ്പിന്റെ ലംഘനമാകുമത്" - ദൽഹി ഹൈക്കോടതി വിധി - 2009 ജൂലൈ 2.

****

പരസ്പരബന്ധമില്ലാത്തവയാണ് ഈ രണ്ട് കുറിപ്പുകളെങ്കിലും അടിസ്ഥാനപരമായി ഒരേ വാദഗതിയുടെ രണ്ട് മുഖങ്ങളെയാണവ പ്രതിഫലിപ്പിക്കുന്നത്. കുത്തും

കോമയുമില്ലാത്ത സ്ത്രീ പുരുഷ ബന്ധവും സ്വവർഗരതിയുമുൾപ്പെടെയുള്ള ഉദാരലൈംഗികതയെ മഹത്വവൽക്കരിക്കുന്ന ആധുനികോത്തര ചിന്താധാരക്ക് നൽകപ്പെടുന്ന നിയമപരമായ അംഗീകാരമാണ് സ്വവർഗരതി ക്രിമിനൽ കുറ്റമല്ലെന്നും പൗരന്മാരുടെ മൗലികാവകാശമാണെന്നുമുള്ള ദൽഹി ഹൈക്കോടതിയുടെ വിധി. സംസ്കാരം, മൂല്യബോധം, സദാചാരം, കെട്ടുറപ്പുള്ള കുടുംബ-സാമൂഹിക ബന്ധങ്ങൾ, സാംസ്കാരിക ഔന്നിത്യമുള്ള നാഗരികത തുടങ്ങിയവ ദൈവികവും ചിരന്തനവുമായ പൈതൃകങ്ങളും അടയാളങ്ങളുമാണ്. അവയെ പുഛിച്ചു തള്ളുന്ന 'നവ പുരോഗമന സ്വാതന്ത്ര്യ വാദത്തി'ന്റെ അപകടങ്ങളാണ് സ്വവർഗരതി, ലൈംഗിക തൊഴിൽ, വിവാഹ-കുടുംബ നിരാകരണം തുടങ്ങിയവയെ മഹത്വവൽകരിക്കുകയും നിയമ പരിരക്ഷ നൽകുകയും ചെയ്യുമ്പോൾ അനാവരണം ചെയ്യപ്പെടുന്നത്. സമൂഹത്തിന്റെ സുരക്ഷിതമായ നിലനിൽപിന്റെ അസ്തിവാരമാണ് സ്വവർഗരതിയും വേശ്യാവൃത്തിയുമൊക്കെ നിയമപരമായി അനുവദിക്കപ്പെടുന്നതിലൂടെ തകർക്കപ്പെടുന്നത്. മനുഷ്യ സമൂഹം ഒന്നടങ്കം നാശത്തിലേക്കു കൂപ്പുകുത്തുകയാണ് ഇത്തരം വാദങ്ങൾ അംഗീകരിക്കപ്പെടുന്നതോടെ സംഭവിക്കുകയെന്ന തിരിച്ചറിവാണ് ഭരണാധികാരികൾക്കും ന്യായാധിപന്മാർക്കും ഉണ്ടാകേണ്ടത്.

## മതങ്ങൾ എന്തുപറയുന്നു

ലോകത്ത് നിലവിലുള്ള മതങ്ങളും മൂല്യസങ്കൽപങ്ങളും സ്വവർഗരതിക്കെതിരാണ്. സദാചാര രഹിതവും സംസ്കാര ശൂന്യവും മനുഷ്യ പ്രകൃതിക്ക് വിരുദ്ധവുമാണ് സ്വവർഗ ലൈംഗികതയും വിവാഹേതര സ്ത്രീപുരുഷ ലൈംഗികബന്ധവും. കുറ്റകൃത്യമായല്ല പാപവൃത്തിയായാണ് മതങ്ങൾ സ്വവർഗരതിയെ കാണുന്നത്. ഈ പാപവൃത്തിയിൽനിന്ന് മനുഷ്യനെ പിന്തിരിപ്പിക്കാനാണ് അതൊരു കുറ്റമായി കണ്ട് ശിക്ഷകൽപിച്ചിട്ടുള്ളത്.

ഇസ്‌ലാമിക വീക്ഷണത്തിൽ വ്യഭിചാരം വൻ പാപമാണ്. എന്നാൽ വ്യഭിചാരത്തെക്കാൾ ഹീനവും നീചവുമായ പാപമായിട്ടാണ് സ്വവർഗരതിയെ ഇസ്‌ലാം എണ്ണിയിട്ടുള്ളത്. ഖുർആൻ നിർലജ്ജമായ മ്ലേഛവൃത്തിയായി സ്വവർഗലൈംഗികതയെ വിമർശിച്ചിട്ടുണ്ട്. ലൂത്വ് നബി നിയോഗിക്കപ്പെട്ട സദോം ജനതയിൽ ഒരുവിഭാഗം സ്വവർഗരതിക്കാരായിരുന്നു. ഇവരുമായി ബന്ധപ്പെടുത്തിയാണ് പുരുഷന്റെ സ്വവർഗരതിയെ 'സോഡമി' എന്ന് പറയുന്നത്. ബൈബിളിന്റെയും ഖുർആന്റെയും വിവരണങ്ങളിൽ ഇതിന്റെ വിശദാംശങ്ങൾ കാണാം.

വിശുദ്ധ ഖുർആൻ *അൽ അൻആം* 86, *അൽഅഅ്റാഫ്* 80, *ഹൂദ്* 77, *അന്നംല്* 54, *അൽ അൻകബൂത്ത്* 28 തുടങ്ങിയ സൂക്തങ്ങളിൽ സ്വവർഗരതിക്കാരായ സദോം ജനതയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. "നിങ്ങൾ വികാര ശമനത്തിനായി മനുഷ്യരിൽ പുരുഷന്മാരെ സമീപിക്കുകയും റബ്ബ് നിങ്ങൾക്കായി സൃഷ്ടിച്ച സഹധർമിണികളെ വെടിയുകയുമാണോ? നിങ്ങൾ വല്ലാതെ അതിരുകടന്ന ജനം തന്നെ" (*അശ്ശുഅറാഅ്* 165,166). നിങ്ങൾ ഇത്ര ദുഷിച്ചു പോയെന്നോ? പുരുഷന്മാരുമായി നിങ്ങൾ ലൈംഗിക കേളിയാടുന്നു. വഴികളിൽ കൊള്ളയടിക്കുന്നു. സ്വന്തം സഭകളിൽ പരസ്യമായി നീചകൃത്യങ്ങൾ ചെയ്യുന്നു" (*അൽ അൻകബൂത്ത്* 29). ഇവരെ നിന്ദ്യമായി ശിക്ഷിച്ച ചരിത്രവും ഖുർആനിലും ബൈബിളിലുമുണ്ട്. സ്വവർഗരതിയിലേർപ്പെടുന്ന പുരുഷന്മാരെ വധിക്കണം എന്നാണ് ബൈബിൾ പറയുന്നത് (*ലേവ്യർ* 18:22, 20:13).

സ്വവർഗരതി വെറുക്കപ്പെട്ട പാപകൃത്യമാണെന്നും അതിലേർപ്പെടുന്നവർക്ക് ഇരട്ടിശിക്ഷ നൽകണമെന്നും സമൂഹത്തെ സാക്ഷിയാക്കിയാണ് ശിക്ഷാനടപടി നടപ്പിലാക്കേണ്ടതെന്നും ഹിന്ദു ഗ്രന്ഥങ്ങൾ പറയുന്നുണ്ട്. സ്വവർഗ പ്രേമിയായ സ്ത്രീയെ തല മൊട്ടയടിച്ച് കഴുതപ്പുറത്തേറ്റണം എന്നും വിരലുകൾ വെട്ടിമാറ്റണം എന്നും മനുസ്മൃതി അനുശാസിക്കുന്നു. ഋഗ്വേദത്തിലും സ്വവർഗരതിക്കെതിരായ പരാമർശങ്ങളുണ്ട്.

മതവിഭാഗങ്ങൾക്ക് രൂക്ഷമായ എതിർപ്പുള്ള സ്വവർഗരതി പോലുള്ള മ്ലേഛകൃത്യം മതവിഭാഗങ്ങൾക്ക് മഹാഭൂരിപക്ഷമുള്ള ഇന്ത്യയെപ്പോലെയൊരു രാജ്യത്ത് നിയമവിധേയമാകുന്നത് എന്തുകൊണ്ടാണ്? നിയമനിർമാണ സഭകളും നിയമഗ്രന്ഥങ്ങളും കോടതികളും മതമൂല്യങ്ങളെ മാറ്റിനിർത്തുകയും മതവിരുദ്ധമായ സെക്യുലറിസത്തിന്റെ പിറകെ പോവുകയും ചെയ്യുന്നതിന്റെ അനന്തര ഫലമാണിത്. ഭരണം, രാഷ്ട്രീയം, നിയമനിർമാണം, വിധികർതൃത്വം തുടങ്ങിയവയിലൊന്നും ദൈവത്തിനും മതത്തിനും ഇടമില്ലെന്നും ഇടം പാടില്ലെന്നുമൊക്കെയുള്ള വാദങ്ങളുടെ സ്വാഭാവികമായ അനന്തര ഫലമായിട്ടുകൂടി വേണം ഇതിനെ കാണാൻ. മാറ്റപ്പെടാത്ത അടിത്തറകളിൽ നിലകൊള്ളുന്ന, കാലാനുസൃതമായി വികാസക്ഷമതയുള്ള ശാശ്വതമൂല്യങ്ങളാണ് ദൈവിക മതം മനുഷ്യന് നൽകിയിട്ടുള്ളത്. എന്നാൽ അത്തരം ദൈവിക നിയമങ്ങളെ സമൂഹ ജീവിതത്തിന്റെ സുപ്രധാന മേഖലകളിൽനിന്നെല്ലാം അകറ്റി നിർത്തുകയും ദൈവവും മതവും ജീവിതത്തിലിടപെടുന്നത് 'മതരാഷ്ട്രീയ'മാണെന്ന് അപായമണി മുഴക്കുകയും ചെയ്യുമ്പോൾ ഇത്തരം പ്രശ്നങ്ങളിൽ നിയമനിർമാണ സഭകളും കോടതികളുമൊക്കെ പുരോഗമന-ലിബറൽ വാദഗതികളെ അടിസ്ഥാനമാക്കി നിയമനിർമാണം നടത്തുകയും വിധി പ്രസ്താവിക്കുകയും ചെയ്യും. സ്വവർഗരതിക്കെതിരെ മതാധ്യാപനങ്ങൾ ചൂണ്ടിക്കാണിച്ച പാർലമെന്റിനോട്, 'മതം പോട്ടെ, യുക്തിപരവും ശാസ്ത്രീയവുമായ തെളിവുകൾ കൊണ്ടുവരൂ' എന്ന് കോടതി ഒരുഘട്ടത്തിൽ പറഞ്ഞത് ഇതിന്റെ തെളിവാണ്.

## ഇന്ത്യൻ ശിക്ഷാ നിയമം

സ്വവർഗ ലൈംഗികത ക്രിമിനൽ കുറ്റമായി പ്രഖ്യാപിക്കുന്നത് ഇന്ത്യൻ പീനൽകോഡിലെ 377-ാം വകുപ്പാണ്. 149 വർഷത്തെ പഴക്കമുണ്ട് ഇന്ത്യയിൽ ഈ നിയമത്തിന്. മെക്കാളെയാണ് ഇന്ത്യൻ ശിക്ഷാനിയമത്തിൽ ഈ വകുപ്പ് കൊണ്ടുവന്നത്, 1860 ൽ. 1935 ൽ നിയമത്തിന്റെ പരിധി വർധിപ്പിച്ചുകൊണ്ട് ഭേദഗതി വരുത്തി. ഒരേ ലിംഗജാതിക്കാർ പരസ്പരം സമ്മതത്തോടെ സ്വകാര്യമായി നടത്തുന്ന ലൈംഗിക വേഴ്ച ശിക്ഷാർഹമായ കുറ്റകൃത്യമായി ഗണിക്കുന്നതാണ് 377-ാം വകുപ്പ്. നിയമമനുസരിച്ച് കുറ്റം ചെയ്തയാൾക്ക് ജീവപര്യന്തം തടവോ പത്ത് വർഷം വരെ തടവോ ലഭിക്കാവുന്നതാണ്. പിഴ ഈടാക്കാനും നിയമത്തിൽ വ്യവസ്ഥയുണ്ട്.

എന്നാൽ ഭരണഘടനയുടെ 14,15,21 വകുപ്പുകളുടെ ലംഘനമാണ് ഈ ശിക്ഷാനിയമമെന്നാണ് ദൽഹി ഹൈക്കോടതിയുടെ കണ്ടെത്തൽ. പൗരന്മാർക്ക് തുല്യാവകാശം ഭരണഘടന ഉറപ്പു വരുത്തുന്നുണ്ടെന്ന് നിരീക്ഷിച്ച കോടതി ജവഹർലാൽ നെഹ്റുവിന്റെ 'സമത്വവും പരിഗണനയും ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങളാണെന്ന്' വാക്കുകളും വിധിപ്രസ്താവത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്വവർഗരതി

ക്കാരുടെ അവകാശങ്ങൾക്കായി പൊരുതുന്ന ‘നാസ് ഫൗണ്ടേഷനാണ്’ പരസ്പര സമ്മതത്തോടെയുള്ള സ്വവർഗ ലൈംഗിക വേഴ്ച നിയമ വിധേയമാക്കണമെന്നാവശ്യപ്പെട്ട് 2001ൽ പൊതുതാൽപര്യഹർജി സമർപ്പിച്ചത്. 2004ൽ ഹൈക്കോടതി ഹർജി തള്ളിയിരുന്നു. തുടർന്ന് അതേവർഷം നാസ് ഫൗണ്ടേഷൻ നൽകിയ റിവ്യൂഹർജിയും കോടതി തള്ളി. ഹർജിക്കാർ 2004 ഡിസംബറിൽ സുപ്രീം കോടതിയിൽ ഹർജി നൽകി. 2006ൽ ഹൈക്കോടതി വിധിയോട് വിയോജിച്ചുകൊണ്ട് സുപ്രീംകോടതി കേസിൽ പുനഃപരിശോധനയാവശ്യപ്പെട്ട് ഹർജി ഹൈക്കോടതിയിലേക്ക് തിരിച്ചയച്ചു. 2006 ഒക്ടോബറിൽ ബി.ജെ.പി നേതാവ് ബി.പി സിംഗ്ല നാസ് ഫൗണ്ടേഷനെ എതിർത്ത് കോടതിയിൽ ഹർജി ഫയൽ ചെയ്തു. കേന്ദ്ര ആരോഗ്യ മന്ത്രാലയവും ആഭ്യന്തരമന്ത്രാലയവും ഭിന്ന നിലപാട് സ്വീകരിച്ചതിനാൽ കേന്ദ്രം ഭരിച്ച കോൺഗ്രസ് സർക്കാറിന് പ്രശ്നത്തിൽ കൃത്യമായ നിലപാടെടുക്കാൻ സാധിച്ചില്ല. കോടതിയിലും കോൺഗ്രസ് സർക്കാറിന് വ്യക്തമായ നിലപാടില്ലായിരുന്നു. 2008 സെപ്തംബർ 26-ന് കോടതി കേന്ദ്ര സർക്കാറിന്റെ ഇരട്ടത്താപ്പിനെ വിമർശിച്ചു. 2008 ഒക്ടോബർ 15-ന്, മതഗ്രന്ഥങ്ങളല്ല ശാസ്ത്രീയമായ തെളിവുകൾ വേണമെന്നാവശ്യപ്പെട്ട് കോടതി വീണ്ടും കേന്ദ്രഗവൺമെന്റിനെ വിമർശിച്ചു. അതേവർഷം നവംബറിൽ വിഷയത്തിൽ തീരുമാനമെടുക്കാൻ പാർലമെന്റിനാണ് അധികാരമെന്നും ജുഡീഷ്യറി ഇതിൽനിന്ന് മാറിനിൽക്കണമെന്നും കേന്ദ്രഗവൺമെന്റ് വാദിച്ചു. ഈ വാദം തള്ളിയാണ് 2009 ജൂലൈ 2-ന് കോടതി വിധി പ്രഖ്യാപിച്ചിരിക്കുന്നത്. വിധിക്കെതിരെ ശക്തമായ പ്രതിഷേധമാണ് മതവിഭാഗങ്ങളിൽനിന്നും ഉണ്ടായിട്ടുള്ളത്. ജനസംഖ്യാപരമായി ന്യൂനാൽന്യൂനപക്ഷം എന്ന വിശേഷണത്തിന് കൂടി അർഹരല്ലാത്ത സ്വവർഗരതിക്കാർ ആഹ്ലാദപ്രകടനങ്ങളുമായി രംഗത്തുവന്നത് സ്വാഭാവികം. ‘നമ്മൾ ഒടുവിൽ 21-ാം നൂറ്റാണ്ടിൽ പ്രവേശിച്ചിരിക്കുന്നു. സുപ്രധാനമായ ഈ വിധിയെ ഗവൺമെന്റിന് ഇനി അവഗണിക്കാൻ സാധിക്കുകയില്ല’ എന്നാണ് നാസ് ഫൗണ്ടേഷൻ പ്രതിനിധി അഞ്ജലി ഗോപാലൻ പ്രസ്താവിച്ചത്.

സ്വവർഗ ലൈംഗികതയെ അനുകൂലിക്കുന്ന നിലപാടാണ് മുൻ കേന്ദ്രആരോഗ്യമന്ത്രി അൻപുമണി രാംദാസ് സ്വീകരിച്ചത്. സ്വവർഗപ്രേമത്തിന് നിയമസാധുത നൽകാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിസമ്മതിച്ചപ്പോഴാണ് അൻപുമണി അതിനെതിരെ രംഗത്തുവന്നത്. എയ്ഡ്സും മറ്റും തടയാൻ പുരുഷനും പുരുഷനും തമ്മിലുള്ള രതി കുറ്റകൃത്യമായി കാണുന്നത് ഒഴിവാക്കണമെന്ന വാദമാണ് 2008 ഒക്ടോബറിൽ അദ്ദേഹം അവതരിപ്പിച്ചത്.

**മതവിഭാഗങ്ങൾക്ക് രൂക്ഷമായ എതിർപ്പുള്ള സ്വവർഗരതി പോലുള്ള മ്ലേഛകൃത്യം മതവിഭാഗങ്ങൾക്ക് മഹാഭൂരിപക്ഷമുള്ള ഇന്ത്യയെപ്പോലെയൊരു രാജ്യത്ത് നിയമവിധേയമാകുന്നത് എന്തുകൊണ്ടാണ്? നിയമനിർമാണ സഭകളും നിയമഗ്രന്ഥങ്ങളും കോടതികളും മതമൂല്യങ്ങളെ മാറ്റിനിർത്തുകയും മതവിരുദ്ധമായ സെക്യുലറിസത്തിന്റെ പിറകെ പോവുകയും ചെയ്യുന്നതിന്റെ അനന്തരഫലമാണിത്. ഭരണം, രാഷ്ട്രീയം, നിയമനിർമാണം, വിധികർതൃത്വം തുടങ്ങിയവയിലൊന്നും ദൈവത്തിനും മതത്തിനും ഇടമില്ലെന്നും ഇടം പാടില്ലെന്നുമൊക്കെയുള്ള വാദങ്ങളുടെ സ്വാഭാവികമായ അനന്തരഫലമായിട്ടുകൂടി വേണം ഇതിനെ കാണാൻ.**

സ്വവർഗ രതിയുടെ നിയമപ്രാബല്യം പുരോഗതിയുടെ അടയാളവും 21-ാം നൂറ്റാണ്ടിലേക്കുള്ള പ്രവേശന പാസുമാണെന്നാണ് വാദമെങ്കിൽ നൂറ്റാണ്ടുകൾക്ക് മുമ്പ് സ്വവർഗരതിക്കാരായി ജീവിക്കുകയും ദൈവിക ശിക്ഷക്ക് വിധേയരാവുകയും ചെയ്ത ‘സദോം’ ജനതയും 21-ാം നൂറ്റാണ്ടിലെ പുരോഗമനക്കാരാണെന്ന് അംഗീകരിക്കേണ്ടി വരും. പ്രകൃതി വിരുദ്ധവും ചികിത്സ ആവശ്യമായ ഒരുതരം മാനസിക രോഗവുമായ സ്വവർഗരതി പടിഞ്ഞാറിന്റെ നവലിബറൽ ഉദാര ലൈംഗികതയുടെ ഭാഗമാണ്. ഗേ-ലസ്ബിയൻ വൈകൃതങ്ങൾ പടിഞ്ഞാറൻ ലോകത്തിന്റെ ശാപമായിമാറിക്കൊണ്ടിരിക്കുകയാണ്. യൂറോപ്പിന്റെ സാംസ്കാരിക-സാമൂഹിക തകർച്ചയും കുടുംബ ജീവിതത്തിന്റെ നാശവും കുത്തഴിഞ്ഞ ലൈംഗികതയുടെ ഫലമാണ്. യൂറോപ്യൻ നാഗരികതയുടെ നിലനിൽപിനു തന്നെ ഭീഷണിയാവുന്നേടത്തോളം കാര്യങ്ങൾ എത്തിക്കഴിഞ്ഞു. യൂറോപ്പിലെയും അമേരിക്കയിലെയും വലിയൊരു വിഭാഗം മാറിച്ചിന്തിക്കുമ്പോഴാണ് അവരുടെ വൈകൃതങ്ങൾ പുരോഗമനം എന്ന ലേബലൊട്ടിച്ച് പൗരസ്ത്യർ ഇറക്കുമതി ചെയ്യുന്നത്. നമ്മുടെ നാഗരികതയും സമൂഹവും നിലനിൽക്കുന്നത് നമ്മുടെ സാംസ്കാരിക പൈതൃകങ്ങളിലാണ്. അത്തരം സാംസ്കാരിക പൈതൃകമില്ലാത്തവരുടെ ജീവിതത്തെ മാതൃകയാക്കുന്നതിന് നാളെ നാം വലിയ വില കൊടുക്കേണ്ടി വരും.

സ്വവർഗരതിക്കെതിരെ ശാസ്ത്രീയ തെളിവുകൾ ചോദിക്കുന്ന കോടതി സ്വവർഗരതിക്കനുകൂലമായി ശാസ്ത്രീയവും മൂല്യാധിഷ്ഠിതവുമായ തെളിവുകളുണ്ടോ എന്ന് വിശദീകരിക്കേണ്ടതുണ്ട്. ശാസ്ത്രീയ വിശകലനങ്ങൾ നൽകുന്ന മുന്നറിയിപ്പ്, സ്വവർഗരതി മാനസികവും ശാരീരികവും സാമൂഹികവുമായ അപകടങ്ങളിലേക്ക് നയിക്കും എന്നാണ്. ലൈംഗിക രോഗങ്ങൾ, കുറ്റകൃത്യങ്ങൾ, മയക്കുമരുന്ന് ഉപയോഗം, സാമൂഹിക ഘടനയുടെ തകർച്ച, കൗമാരക്കാർ കൂടുതലായി സ്വവർഗലൈംഗികതയുടെ ഇരകളാകുന്നതോടെ ഭാവിതലമുറ അകപ്പെടുന്ന അരാജകത്വം തുടങ്ങി. ഇതിന്റെ അപകടങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കും. മനുഷ്യ സമൂഹത്തിന്റെ നിലനിൽപ്പുതന്നെ സദാചാരത്തിലും ധാർമിക മൂല്യങ്ങളിലുമധിഷ്ഠിതമാണ്. അതെല്ലാം തകർക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ ഭൂമിയിലെ മനുഷ്യ ജീവിതത്തിന് എന്ത് അർഥമാണുള്ളത്? സ്വാതന്ത്ര്യത്തെയും മനുഷ്യാവകാശങ്ങളെയും കുറിച്ച് പറയേണ്ടതും അതിനു വേണ്ടി നിയമങ്ങൾ ഉണ്ടാക്കേണ്ടതും സമൂഹത്തിന്റെ സുരക്ഷിതമായ നിലനിൽപിനു വേണ്ടിയായിരിക്കണം. സമൂഹ ജീവിതത്തെ തകർക്കാനുള്ള കെണിയൊരുക്കിയ ശേഷം സ്വാതന്ത്ര്യവും ജന്മാവകാശവും പ്രസംഗിക്കുന്നതിന് എന്തർഥം! ■